**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 91** **19-06-2024 - ൽ മറുപടിയ്ക്ക്**

**പുതിയ മദ്യ നയം സംബന്ധിച്ച് ടൂറിസം വകുപ്പ് നൽകിയ ശിപാർശകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പുതിയ മദ്യ നയവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ടൂറിസം വകുപ്പ് നടത്തിയ കൂടിയാലോചനകളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് കേരള ട്രാവൽ മാർട്ട് സൊസൈറ്റി, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസ്സിഫൈഡ് ഹോട്ടൽസ് ഓഫ് കേരള തുടങ്ങിയ സംഘടനകൾ സർക്കാരിൽ വ്യത്യസ്ത നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. ഇതോടൊപ്പം വകുപ്പ് സെക്രട്ടറിമാരുമായി നടത്തിയ യോഗത്തിൽ ടൂറിസം വ്യവസായ വികസനത്തെ സംബന്ധിച്ച് ടൂറിസം വകുപ്പ് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി കുറിപ്പ് സമർപ്പിക്കണമെന്ന് ടൂറിസം വകുപ്പ് സെക്രട്ടറിക്ക് ചീഫ് സെക്രട്ടറി നിർദ്ദേശം നൽകിയിരുന്നു. ഈ സാഹചര്യത്തിൽ 21.05.2024 ൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ കേരള ട്രാവൽ മാർട്ട് സൊസൈറ്റി, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസ്സിഫൈഡ് ഹോട്ടൽസ് ഓഫ് കേരള, ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരള, കേരള ടൂറിസം ഡെവലപ്പ്മെന്റ് അസോസിയേഷൻ, സൗത്ത് കേരള ഹോട്ടൽ അസോസിയേഷൻ, കേരള ഹൗസ് ബോട്ട് ഓണേഴ്സ് ഫെഡറേഷൻ എന്നീ സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ഓൺലൈൻ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ വിനോദസഞ്ചാര മേഖലയെ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട MICE (Meetings Incentive Convention Exhibitions) വെഡ്ഡിങ് ഡെസ്റ്റിനേഷൻ , ഹൗസ് ബോട്ട് മേഖല, ക്രൂയിസ് ടൂറിസം, എന്നിവ സംബന്ധിച്ച പരാതികൾ, നിർദ്ദേശങ്ങൾ എന്നിവ ചർച്ച ചെയ്യുകയുണ്ടായി. |

| | | | |
|---|---|---|---|
| (ബി) | പുതിയ മദ്യ നയം ചർച്ച ചെയ്യാൻ ടൂറിസം ഡയറക്ടറുടെ അധ്യക്ഷതയിൽ ഓൺലൈൻ യോഗം കൂടിയിരുന്നോ; എങ്കിൽ പ്രസ്തുത യോഗത്തിൽ ഏതൊക്കെ വിഷയങ്ങളാണ് ചർച്ച ചെയ്തതെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് കേരള ട്രാവൽ മാർട്ട് സൊസൈറ്റി, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസ്സിഫൈഡ് ഹോട്ടൽസ് ഓഫ് കേരള തുടങ്ങിയ സംഘടനകൾ സർക്കാരിൽ വ്യത്യസ്ത നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. ഇതോടൊപ്പം വകുപ്പ് സെക്രട്ടറിമാരുമായി നടത്തിയ യോഗത്തിൽ ടൂറിസം വ്യവസായ വികസനത്തെ സംബന്ധിച്ച് ടൂറിസം വകുപ്പ് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി കുറിപ്പ് സമർപ്പിക്കണമെന്ന് ടൂറിസം വകുപ്പ് സെക്രട്ടറിക്ക് ചീഫ് സെക്രട്ടറി നിർദ്ദേശം നൽകിയിരുന്നു. ഈ സാഹചര്യത്തിൽ 21.05.2024 ൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ കേരള ട്രാവൽ മാർട്ട് സൊസൈറ്റി, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസ്സിഫൈഡ് ഹോട്ടൽസ് ഓഫ് കേരള, ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരള, കേരള ടൂറിസം ഡെവലപ്പ്മെന്റ് അസോസിയേഷൻ, സൗത്ത് കേരള ഹോട്ടൽ അസോസിയേഷൻ, കേരള ഹൗസ് ബോട്ട് ഓണേഴ്സ് ഫെഡറേഷൻ എന്നീ സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ഓൺലൈൻ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ വിനോദസഞ്ചാര മേഖലയെ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട MICE (Meetings Incentive Convention Exhibitions) വെഡ്ഡിങ് ഡെസ്റ്റിനേഷൻ , ഹൗസ് ബോട്ട് മേഖല, ക്രൂയിസ് ടൂറിസം, എന്നിവ സംബന്ധിച്ച പരാതികൾ, നിർദ്ദേശങ്ങൾ എന്നിവ ചർച്ച ചെയ്യുകയുണ്ടായി. |
| (സി) | പ്രസ്തുത യോഗത്തിന്റെ അടിസ്ഥാനത്തിൽ പുതിയ മദ്യ നയം സംബന്ധിച്ച് ടൂറിസം വകുപ്പ് എക്സൈസ് വകുപ്പിന് ശിപാർശകൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ